(ഡി) മുല്ലപ്പെരിയാർ(പെരിയാർ), പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ നാല് ഡാമുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തമിഴ്നാട് ഉയർത്തിയിട്ടുള്ള വാദഗതികൾ നിയമാനുസരണം നിലനിൽക്കുന്നതല്ലെന്നും; പ്രസ്തുത വാദഗതികൾ ശരിയല്ലെന്നും സൂചിപ്പിച്ചുകൊണ്ട് ചീഫ് എഞ്ചിനീയർതലത്തിലും സർക്കാർതലത്തിലും കേന്ദ്രജലകമ്മീഷന് യഥാക്രമം 17-2-2014, 22-2-2014 എന്നീ തീയതികളിൽ കത്തുകൾ അയച്ചിട്ടുണ്ട്. തമിഴ്നാട് സർക്കാരിന്റെ 7-5-2014-ലെ 10724/ISW1/2014-1 നമ്പർ കത്ത് പ്രകാരമാണ് പരിശോധനയ്ക്കുള്ള വിസമ്മതം അറിയിച്ചിട്ടുള്ളത്. പ്രസ്തുത കത്ത് 9-5-2014-ൽ സർക്കാരിൽ ലഭിക്കുകയും സർക്കാരിന്റെ 16-5-2014ലെ 10388/ ISWC1/14/WRD നമ്പർ കത്ത് പ്രകാരം ആവശ്യമായ നടപടികൾക്കായി കേരള ഡാം സുരക്ഷ അതോറിറ്റിക്ക് അയച്ചുകൊടുക്കുകയുമുണ്ടായി. ഇതേത്തുടർന്ന് 28-5-2014-ൽ ചേർന്ന കേരള ഡാം സുരക്ഷ അതോറിറ്റിയുടെ 38-ാമത്തെ യോഗത്തിൽ തമിഴ്നാട് സർക്കാരിൽനിന്നും ലഭിച്ച കത്തിലെ പരാമർശങ്ങൾ വിശദമായി ചർച്ച ചെയ്യുകയും പറമ്പിക്കുളം ആളിയാർ കരാറിന്റെയും നിലവിലുള്ള കോടതി കേസ്സുകളുടെയും പശ്ചാത്തലത്തിൽ ഇക്കാര്യത്തിലുള്ള നിയമവശങ്ങൾ പരിശോധിക്കുന്നതിന് കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ ചെയർമാൻ റിട്ട. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരെ ചുമതലപ്പെടുത്തുകയുണ്ടായി. കൂടാതെ സർക്കാർതലത്തിലും ഇക്കാര്യത്തിലുള്ള തമിഴ്നാടിന്റെ നിലപാടിന്റെ നിയമസാധുത പരിശോധിക്കുവാൻ നിയമവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**അയിത്താചരണം**

7 (* 637) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല ക്ഷേത്രങ്ങളിലും അയിത്താചരണം നില നിൽക്കുന്നുണ്ടെന്ന മനുഷ്യാവകാശ കമ്മീഷന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയിരുന്നോ ; എന്തായിരുന്നു റിപ്പോർട്ട് എന്ന് അറിയിക്കാമോ ;

(ബി) അയിത്താചരണം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ&ബി) കേരളത്തിലെ ഒരു ക്ഷേത്രത്തിലും അയിത്താചരണം നില നിൽക്കുന്നില്ല. എന്നാൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ഡിവിഷനിൽ ശ്രീ. ടി.ടി.കെ. ദേവസ്വം ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിലെ അസമത്വം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതിയിന്മേൽ കാസർഗോഡ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി.ടി.കെ. ദേവസ്വം ഗ്രൂപ്പിൽപ്പെട്ട ശ്രീ. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ മനുഷ്യാവകാശങ്ങൾ ലംഘിച്ചുകൊണ്ട് അസമത്വങ്ങൾ നടന്നുവന്നിട്ടുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അയിത്തോച്ചാടന നിയമം അനുസരിച്ച് ക്ഷേത്രങ്ങളിൽ യാതൊരുവിധ അസമത്വങ്ങളും വച്ചുപുലർത്താൻ പാടില്ലെന്നും കുറ്റം ചെയ്യുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ക്ഷേത്ര ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുളങ്ങളുടേയും ചിറകളുടേയും സംരക്ഷണം**

8 (*638) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികളാണ് ഉള്ളത് എന്നതിന്റെ വിശദവിവരം നല്കുമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേവാലയങ്ങൾ എന്നിവയുടെ കീഴിലെ കുളങ്ങൾ നവീകരിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് ശുദ്ധജലാവശ്യത്തിന് ഉപയോഗപ്പെടുത്താവുന്ന എത്ര കുളങ്ങളും ചിറകളും ഉണ്ടെന്നതിന്റെയും ഓരോന്നിന്റെയും സംഭരണ ശേഷിയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതു സംബന്ധിച്ച വിവരശേഖരണം നടത്താൻ നിർദ്ദേശം നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) കുളങ്ങളുടെയും ചിറകളുടെയും പുനരുദ്ധാരണവും നവീകരണവും ലക്ഷ്യമിട്ട് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയുള്ള പദ്ധതികൾ, നബാർഡ് (ആർ.ഐ.ഡി.എഫ്.) ധനസഹായത്തോടെയുള്ള പദ്ധതികൾ എന്നിവ ധനലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കുടിവെള്ള വിതരണത്തിനായുള്ള സ്രോതസ്സുകളായി ഉപയോഗിക്കാവുന്ന കുളങ്ങളും മറ്റും പുനരുദ്ധരിക്കുന്നതിനുള്ള പണികൾ വാട്ടർ അതോറിറ്റിയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly